**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കൊല്ലം നഗരസഭ - കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - കുറ്റാരോപിതർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2335/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.08.2016

==========================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31.01.2012 തീയതിയിലെ ഇ2(എസ്.സി 24/2011/കെ.എൽ.എം) 31442/2011 (Part II) നമ്പർ കത്ത്.

2) കൊല്ലം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. വിജയകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. കെ. സുനിൽ ബാബു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.വി.ദീപ്, ശ്രീ. പ്രശാന്ത്, ശ്രീമതി. രമാദേവി എന്നിവർക്ക് നൽകിയ 22.06.2012 തീയതിയിലെ കുറ്റപത്രം.

3) ശ്രീ. എസ്. വിജയകുമാർ സമർപ്പിച്ച 03.08.2012 തീയതിയിലെ പ്രതിവാദ പത്രിക.

4) ശ്രീ. കെ. സുനിൽ ബാബു സമർപ്പിച്ച 09.08.2012 തീയതിയിലെ പ്രതിവാദ പത്രിക.

5) ശ്രീ. പ്രശാന്ത് ഡി. സമർപ്പിച്ച 09.08.2012 തീയതിയിലെ പ്രതിവാദ പത്രിക.

6) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Grade II ശ്രീ. വി.ദീപ് സമർപ്പിച്ച 09.08.2012 തീയതിയിലെ പ്രതിവാദ പത്രിക.

7) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Grade II ശ്രീമതി. രമാദേവി സമർപ്പിച്ച 09.08.2012 തീയതിയിലെ പ്രതിവാദ പത്രിക.

8) നഗരകാര്യ ഡയറക്ടറുടെ 10.01.2013, 19.04.2013 തീയതികളിലെ വി1-10599/2012 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കൊല്ലം യൂണിറ്റ്, കൊല്ലം നഗരസഭയിലെ ആരോഗ്യ വിഭാഗം 'സി' ഡിവിഷനിൽ 3.8.2011

തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ശുചീകരണ ജോലികൾക്കും മാലിന്യ സംസ്കരണത്തിനുമായി നഗരസഭയിൽ നിയോഗിച്ചിരുന്ന കണ്ടിജന്റ് ജീവനക്കാരെ ഹാജർ പുസ്തകത്തിൽ കണ്ടിജന്റ് ജീവനക്കാരെന്ന് കാണിച്ച് ടി ജോലിയിൽ നിയോഗിക്കാതെ നഗരസഭയിലെ പ്യൂൺ, ക്ലാർക്ക് തസ്തികകളിൽ ജോലിക്ക് നിയോഗിച്ചതായും ശമ്പളം നൽകിയതായും കാഷ്വൽ ജീവനക്കാരുമായി ബന്ധപ്പെട്ട റിക്കോർഡുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്നും, അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതായി കണ്ടെത്തുകയുണ്ടായെന്നും, ആയതിനാൽ ഇക്കാര്യത്തിൽ ഓഡിറ്റ് അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളണമെന്നും ഒന്നാം പരാമർശിത കത്ത് പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടിജന്റ് ജീവനക്കാരെ പ്രസ്തുത ജോലിയിൽ നിയോഗിക്കാതെ മറ്റ് ജോലികൾക്ക് നിയോഗിച്ച് ശമ്പളം നൽകിയ കുറ്റത്തിന് നഗരസഭാ സെക്രട്ടറിയായിരുന്ന് ശ്രീ.എസ്.വിജയകുമാറിനും റിക്കോർഡുകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതിനും പരിശോധനാ ദിവസം ജോലിക്ക് ഹാജരാകാതിരുന്നതിനും ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. കെ. സുനിൽ ബാബുവിനും, കാഷ്വൽ ജീവനക്കാരുമായി ബന്ധപ്പെട്ട റിക്കോർഡുകൾ കൃത്യമായി സൂക്ഷിക്കാതിരുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.ദീപിനും പരിശോധനാ ദിവസം അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.പ്രശാന്ത്, ശ്രീമതി. രമാദേവി എന്നിവർക്കും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി.

2) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എസ്.വിജയകുമാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 6.11.2008-ലെ ജി.ഒ.(എം.എസ്) നമ്പർ 295/2008/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം കോർപ്പറേഷനിലെ Establishment സംബന്ധമായ ചുമതലകൾ അഡീഷണൽ സെക്രട്ടറിയ്ക്കാണ് എന്നും ജീവനക്കാർക്ക് ചുമതല നൽകുന്നതും അവരെ മാറ്റി നിയമിക്കുന്നതും ശമ്പളം ഒപ്പിടുന്നതുമെല്ലാം അഡീഷണൽ സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നും വിജിലൻസ് പരിശോധന നടക്കുന്നത് 3.8.2011-ലാണ് എന്നും മേപ്പടി സർക്കാർ ഉത്തരവിൽ duties & functions of Additional Secretary എന്ന ഇനത്തിൽ item No.26 ആയി internal transfer & posting of staff below the rank of Junior Superintendent എന്നത് അഡീഷണൽ സെക്രട്ടറിയുടെ ചുമതലയായി നിശ്ചയിച്ചിട്ടുള്ളതും ആയതിനാൽ ആരോപണ വിധേയമായ വിഷയത്തിൽ ടിയാന്റെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നും ബോധിപ്പിച്ചിട്ടുണ്ട്.

3) ശ്രീ. കെ.സുനിൽ ബാബു സമർപ്പിച്ച നാലാം പരാമർശിത പ്രതിവാദ പത്രികയിൽ നഗരസഭയിൽ കാലാകാലങ്ങളായി CLR തൊഴിലാളികളുടെ മസ്റ്റർ റോൾ അതാത് ദിവസം ഹാജർ രേഖപ്പെടുത്തി മേലധികാരികൾക്ക് പരിശോധനയ്ക്ക് നൽകുന്നതാണ് പതിവെന്നും, ആയത് ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസിലാണ് സൂക്ഷിക്കുന്നതെന്നും പരിശോധനാ ദിവസത്തിൽ അന്നേദിവസം വരെയുള്ള മസ്റ്റർ റോൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരം നിലവിൽ CLR തൊഴിലാളികളെക്കൊണ്ട് പ്രത്യേകം

രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തുന്നുണ്ടെന്നും, രാവിലെ 5 മണി മുതൽ വൈകിട്ട് 5 മണിവരെയാണ് നഗരസഭയിലെ ശുചീകരണ ഓഫീസ് ജോലികൾ ക്രമീകരിച്ചിട്ടുള്ളതെന്നും തിരക്കേറിയ പട്ടണത്തിന്റെ പ്രധാന ഭാഗങ്ങൾ ഉൾപ്പെടുന്ന 'സി' ഡിവിഷനിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചതിനുശേഷം 6.25-ന് ഓഫീസിൽ ഹാജരാകുന്നതിനു പകരം 7.00 മണിക്കാണ് ഓഫീസിൽ എത്താനായതെന്നും മേൽ നടപടിയിൽ നിന്നും ഒഴിവാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

4) ശ്രീ. ഡി. പ്രശാന്ത്, ശ്രീ. വി. ദീപ് എന്നിവർ സമർപ്പിച്ച യഥാക്രമം അഞ്ചും ആറും പ്രതിവാദ പത്രികകളിൽ നഗരസഭയിൽ കാലാകാലങ്ങളായി CLR തൊഴിലാളികളുടെ മസ്റ്റർ റോൾ അതാത് ദിവസം ഹാജർ രേഖപ്പെടുത്തി മേലധികാരികൾക്ക് പരിശോധനയ്ക്ക് സമർപ്പിക്കുന്നതായിരുന്നു പതിവെന്നും എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരം പ്രസ്തുത രീതി മാറ്റി പ്രത്യേകം രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തുന്നുണ്ടെന്നും ആകയാൽ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

5) ശ്രീമതി. രമാദേവി സമർപ്പിച്ച ഏഴാം പരാമർശിത പ്രതിവാദ പത്രികയിൽ നഗരത്തിലെ പ്രധാനപ്പെട്ട കടകമ്പോളങ്ങളും ഓഫീസുകളും ഉൾപ്പെടുന്ന സി. ഡിവിഷനിലെ ഓഫീസ് പ്രവർത്തനം 6.25-നാണ് ആരംഭിക്കുന്നതെങ്കിലും പല ദിവസങ്ങളിലും 6 മണിക്ക് മുമ്പായി എത്തിച്ചേരാറുണ്ടെന്നും, ലോറിയിൽ ചവർ ശേഖരിക്കുന്ന സ്ഥലത്ത് ചവറും പ്ലാസ്റ്റിക്കും വേർതിരിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന ശുചീകരണ തൊഴിലാളികളുടെ മേൽനോട്ടം വഹിക്കുന്നതിന് നിർദ്ദേശം നൽകിയതിനാലാണ് പ്രസ്തുത ദിവസം 8.00 മണിക്ക് ഓഫീസിൽ ഹാജരാകാൻ കഴിഞ്ഞതെന്നും ആകയാൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീമതി. രമാദേവി അപേക്ഷിച്ചിട്ടുണ്ട്.

നഗരസഭാ ജീവനക്കാര്യം സംബന്ധിച്ച ചുമതലകൾ നഗരസഭാ അഡീഷണൽ സെക്രട്ടറിക്ക് നൽകി സർക്കാർ ഉത്തരവ് ഉള്ള സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറി ശ്രീ. എസ്. വിജയകുമാറിനെതിരായ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും ആയതിനാൽ ടിയാന്റെ മറുപടി പരിഗണിച്ച് കുറ്റവിമുക്തനാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ 8-ാം പരാമർശിത കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാഷ്വൽ ജീവനക്കാരുടെ ഹാജർ ഹെൽത്ത് ഇൻസ്പെക്ടർ നേരിട്ട് മസ്റ്റർ റോളിൽ രേഖപ്പെടുത്തുന്ന രീതിയാണ് കൊല്ലം നഗരസഭയിൽ തുടർന്നു വന്നിരുന്നത് എന്നും അപ്രകാരം അന്നേ ദിവസം കാഷ്വൽ തൊഴിലാളികളുടെ ഹാജർ, മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കാഷ്വൽ തൊഴിലാളികൾ അടക്കമുള്ള ശുചീകരണ തൊഴിലാളികൾക്ക് അറ്റന്റൻസ് രജിസ്റ്റർ നടപ്പാക്കിയിട്ടുണ്ട് എന്നും കൂടാതെ രാവിലെ ഡ്യൂട്ടി സമയത്തിനു മുമ്പായി വാർഡിൽ പോയി പരിശോധന നടത്താൻ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്ക് ഹെൽത്ത് സൂപ്പർവൈസർ നിർദ്ദേശവും നൽകിയിട്ടുണ്ട് എന്നും അതിനാലാണ് അവർ അന്നേ ദിവസം ഓഫീസിൽ ഹാജരാകുവാൻ താമസിച്ചത് എന്നും വിജിലൻസ് ടീം എത്തി 10 മിനിറ്റിനുള്ളിൽ അതായത് 7 മണിയോടുകൂടി ടിയാൻ ഹെൽത്ത് ഓഫീസിൽ എത്തുകയും ചെയ്തിട്ടുള്ളതാണ് എന്നതിനാലും ശ്രീ കെ.സുനിൽബാബുവിന്റെ മറുപടി പരിഗണിക്കാവുന്നതാണ് എന്നും കാഷ്വൽ തൊഴിലാളികൾ ജോലിക്ക്

ഹാജരാകുമ്പോൾ മസ്റ്റർ റോളിൽ വിവരം രേഖപ്പെടുത്തി തുടർന്നുവരുന്ന രീതിയാണ് നഗരസഭയിലുള്ളത് എന്നും അപ്രകാരമാണ് അന്നേ ദിവസം ഹാജർ മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും പിന്നീട് ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ രീതി മാറ്റുകയും കാഷ്വൽ തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ ശുചീകരണ തൊഴിലാളികൾക്കും അറ്റന്റൻസ് രജിസ്റ്റർ ബാധകമാക്കുകയും ചെയ്തിട്ടുണ്ട് എന്നതിനാൽ ശ്രീ. വി. ദീപിന്റെ മറുപടിയും തൃപ്തികരമായി കാണുന്നതിനാൽ പരിഗണിക്കാവുന്നതാണ് എന്നും അന്നേ ദിവസം 5.30-ന് വാർഡിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുകയും തൊഴിലാളികളുടെ ഡ്യൂട്ടി കാർഡിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട് എന്നും അതിനാലാണ് ഹെൽത്ത് ഡിവിഷൻ ഓഫീസിൽ ഡ്യൂട്ടിക്ക് ഹാജരാകാൻ താമസിച്ചത്, കൂടാതെ ഫീൽഡിൽ പോയി പരിശോധന നടത്താൻ ഹെൽത്ത് സൂപ്പർവൈസറുടെ നിർദ്ദേശവും ടിയാന് നൽകിയിരുന്നു എന്നും അതിരാവിലെ മാലിന്യം തരംതിരിക്കുന്ന ജോലിക്ക് മേൽനോട്ടം വഹിക്കുന്നതിനും കൂടിയാണ് ടിയാൻ വാർഡിൽ പോയിരുന്നത് എന്നതിനാൽ ശ്രീ. പ്രശാന്ത് .സി.യുടെ മറുപടി തൃപ്തികരവും പരിഗണിക്കേണ്ടതുമാണ് എന്നും കൊല്ലം നഗരസഭയിലെ വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളായ ചിന്നക്കട, ബീച്ച് റോഡ്, മെയിൻ റോഡ്, എൻ.എച്ച് എന്നിവിടങ്ങളിൽ സാനിട്ടേഷൻ സൂപ്പർവൈസ് ചെയ്യുന്ന ടിയാൾക്ക് അതിരാവിലെ തന്നെ ഫീൽഡിൽ പോയി സാനിട്ടേഷന് മേൽനോട്ടം വഹിക്കേണ്ട ആവശ്യമുള്ളതിനാൽ ടിയാൾ അന്നേ ദിവസം 6 മണി മുതൽ വാർഡിൽ പോകുകയും സാനിട്ടേഷൻ ജോലികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുകയുണ്ടായി എന്നും റാണാ ഹാളിനു സമീപം പ്ലാസ്റ്റിക് മാലിന്യങ്ങൾ സെഗ്രിഗേറ്റ് ചെയ്യുന്ന ജോലിയ്ക്ക് അതിരാവിലെ തന്നെ നേതൃത്വം കൊടുക്കേണ്ടി വന്നതിനാൽ ഹെൽത്ത് ഡിവിഷൻ ഓഫീസിൽ കൃത്യസമയത്ത് എത്തിച്ചേരാൻ കഴിഞ്ഞില്ല എന്നും വാർഡിൽ ഡ്യൂട്ടിക്ക് പോയത് ഹെൽത്ത് സൂപ്പർവൈസറുടെ നിർദ്ദേശപ്രകാരമാണ് എന്നും കാണുന്നതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതുവായി സി.ഡിവിഷനെ സംബന്ധിച്ചിടത്തോളം മെയിൻ ഓഫീസുകൾ പ്രവർത്തിക്കുന്ന ഡിവിഷൻ ഓഫീസ് ആയതിനാലും പട്ടണത്തിലെ പ്രധാന വാർഡുകൾ ഉൾപ്പെടുന്നതിനാലും എല്ലാ ദിവസവും അതിരാവിലെ മുതൽ പ്രവർത്തനം ആരംഭിച്ച് വൈകുന്നേരം 5 മണിവരെയും ചിലപ്പോൾ അതിരാവിലെയും പ്രവർത്തിക്കേണ്ട അവസ്ഥയാണുള്ളത് എന്നും ടി 4 ജീവനക്കാരും നല്ല രീതിയിൽ തങ്ങളുടെ ഡ്യൂട്ടി നിർവ്വഹിച്ചുവരുന്നവരാണെന്ന് നഗരകാര്യ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും ടി ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് അവരുടെ പേർക്കുള്ള തുടർ നടപടികൾ അവസാനിപ്പിക്കുന്നതിന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

6. ഈ സാഹചര്യത്തിൽ, കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കൊല്ലം യൂണിറ്റ് കൊല്ലം നഗരസഭയിലെ ആരോഗ്യ വിഭാഗം 'സി' ഡിവിഷനിൽ 3.8.2011 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ടി നഗരസഭാ ജീവനക്കാർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ താഴെപ്പറയും പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) നഗരസഭാ ജീവനക്കാര്യം സംബന്ധിച്ച വിഷയങ്ങൾ സെക്രട്ടറിയുടെ ചുമതലയിൽപ്പെടാത്തതിനാൽ മേൽ വിഷയത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. വിജയകുമാറിനെ കുറ്റവിമുക്തനാക്കുന്നു.

(2) ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. സുനിൽ ബാബുവിന് വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ പ്രകാരം കാഷ്വൽ ജീവനക്കാരുമായി ബന്ധപ്പെട്ട റിക്കോർഡുകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുകയും അനധികൃതമായി ജോലിക്ക് ഹാജരാകാതിരി ക്കുകയും ചെയ്യുന്നത് മേലിൽ ആവർത്തിക്കരുതെന്ന താക്കീത് നൽകുന്നു.

(3) ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വി. ദീപിനെ കുറ്റവിമുക്തനാക്കുന്നു.

(4) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.ഡി.. പ്രശാന്ത്, ശ്രീമതി. ജി. രമാദേവി എന്നിവർക്ക് വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ പ്രകാരം അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നത് മേലിൽ ആവർത്തിക്കരുതെന്ന താക്കീത് നൽകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**രമേശൻ. എം.കെ,**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (31.05.2016 തീയതിയിലെ 10863/ഡി1/2013/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**